# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3634 | 19.02.2013 ൽ മറുപടിക്ക്

## റോഡ് - റെയിൽ - വ്യോമ - ജലഗതാഗത സംവിധാനങ്ങൾ കോർത്തിണക്കി ഒരു ഹബ്ബ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.കെ.ബഷീർ:<br>" കെ.എൻ.എ. ഖാദർ:<br>" സി. മമ്മൂട്ടി: | | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എവിടെയെങ്കിലും റോഡ്-റെയിൽ - വ്യോമ - ജലഗതാഗത സംവിധാനങ്ങൾ കോർത്തിണക്കി ഒരു ഹബ്ബ് ഉണ്ടാക്കുന്നത് പരിഗണന യിലുണ്ടോ; എങ്കിൽ അത് എവിടെയാണെന്നും, അതിന്റെ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും അറിയിക്കുമോ; | (എ)<br>യും<br>(ബി)<br>യും | ഉണ്ട്. തിരുവനന്തപുരം വിമാനത്താവളത്തിനോട് ആകാശ, റോഡ്, റെയിൽ, ഉൾനാടൻ ജലഗതാഗത, കടൽ മാർഗ്ഗേന യാത്രാസൗകര്യം നല്കുന്ന ഒരു മൾട്ടി മോഡൽ ഗതാഗത ഹബ്ബ് ഒരുക്കാനുള്ള നിർദ്ദേശം എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ചിട്ടുണ്ട്. പാർവതീ പുത്തനാറിന്റെ നവീകരണം ഈ പദ്ധതിയുടെ ഭാഗമാണ്. ഈ സൗകര്യം യാത്രക്കാരുടേയും, ചരക്കിന്റേയും നീക്കം കൂടുതൽ വേഗത്തിലും അനായസമാക്കുകയും അനുബന്ധ പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുകയും എയർപോർട്ടിന്റെയും ചുറ്റുമുള്ള പ്രദേശത്തിന്റേയും വികസനത്തിന് ഹേതുവാകുകയും ചെയ്യും. കോട്ടയം ജില്ലയിൽ കോടിമതയിൽ റോഡ് - റെയിൽ - ജലഗതാഗത സംവിധാനങ്ങൾ കോർത്തിണക്കി ആധുനിക രീതിയിൽ ഒരു മൊബിലിറ്റി ഹബ്ബ് ഏർപ്പെടുത്താനുള്ള മറ്റൊരു നിർദ്ദേശവും നിലവിലുണ്ട്. ഈ മൊബിലിറ്റി ഹബ്ബിൽ കെ.എസ്.ആർ.ടി.സി., പ്രൈവറ്റ്, ടൂറിസ്റ്റ് ബസ്സുകൾക്കുള്ള ടെർമിനലുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ, കാൾ സെന്ററുകൾ, റസ്റ്റ് റൂം, ക്ലോക്ക് റൂം, ടൂറിസ്റ്റ് ടാക്സി ടെർമിനൽ, ഓട്ടോറിക്ഷാ ടെർമിനൽ, പോലീസ് സ്റ്റേഷൻ, മറ്റ് സർക്കാർ ഇതര ആവശ്യ ഓഫീസുകൾ, കോടിമത ബോട്ട് ജട്ടിയിലേയ്ക്കുള്ള കണക്ടിവിറ്റിയും ടൂറിസ്റ്റ് ബോട്ട് ജട്ടികളും, റെയിൽവേയുടെ ഭാവിവികസന പദ്ധതിയിൽപ്പെടുന്ന രണ്ടാം ടെർമിനലിലേയ്ക്കുള്ള യാത്രാ സൗകര്യങ്ങളും, ജലനിർഗ്ഗമന സംരക്ഷണ സംവിധാനങ്ങൾ, റിംഗ് റോഡുകൾ ഭൂവുടമകൾക്കുള്ള പുനരധിവാസം തുടങ്ങിയവ ഈ മൊബിലിറ്റി ഹബ്ബിൽ ഉൾപ്പെടും.<br>കൂടാതെ എറണാകുളം ജില്ലയിലെ വൈറ്റില മൊബിലിറ്റി ഹബ്ബിനോട് ജലഗതാഗതം, മെട്രോ റെയിൽ എന്നീ സംവിധാനങ്ങൾ കൂടി ബന്ധിപ്പിച്ചുകൊണ്ട് ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പ്രവർത്തനവും പരിഗണനയിലുണ്ട്. ഇതിനുംപുറമേ, കോഴിക്കോട്ടും വ്യോമഗതാഗതം, ജലഗതാഗതം, മോണോറെയിൽ കെ. എസ്. ആർ. റ്റി. സി എന്നിവ ബന്ധപ്പെടുത്തി മൊബിലിറ്റി ഹബ്ബ് തുടങ്ങുന്ന കാര്യവും പരിഗണനയിലുണ്ട്. |
| (ബി) | പ്രസ്തുത ഹബ്ബ് മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് പാതുജനങ്ങൾക്കു ലഭ്യമാകുന്നതെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ